"ഭരണഭാഷ- മാതൃഭാഷ"

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കോഴിക്കോട് ജില്ലയിലെ ഒഞ്ചിയം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. രജുലാൽ എം.പി- യ്ക്ക് എതിരെയുള്ള അച്ചടക്ക നടപടി - ഔപചാരിക അന്വേഷണം നടത്തുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടർ ശ്രീ. പി.ടി. പ്രസാദ് -നെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.**4/2026/LSGD** തീയതി,തിരുവനന്തപുരം, **01-01-2026**

പരാമർശം:-

1. വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ **13/11/2024** ലെ ഇ14(എസ്.സി **24/2023**/കെ.കെഡി)**31199/2022**/ഡിവിഎസിബി നമ്പർ കത്ത്.
2. സർക്കാരിന്റെ **08/05/2025** തീയതിയിലെ ഇപിബി**3/17/2025**/തസ്വഭവ നമ്പർ കുറ്റാരോപണ മെമ്മോ.
3. ശ്രീ. എം.പി. രജുലാൽ **09/06/2025** ൽ സമർപ്പിച്ച എതിർവാദ പത്രിക.
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ **23/10/2025** ലെ **LSGD/PD/15177/2025-VIGD4** നമ്പർ കത്ത്.

## ഉത്തരവ്

കോഴിക്കോട് ജില്ലയിലെ ഒഞ്ചിയം ഗ്രാമ പഞ്ചായത്തിൽ അനധികൃതമായി നിർമ്മാണം നടന്നുവരുന്ന കൊമേഴ്സ്യൽ ബിൽഡിംഗിൽ അണ്ടർഗ്രൗണ്ട് പാർക്കിംഗിനായി മണ്ണ് കുഴിച്ചു മാറ്റിയതിൽ ടി കെട്ടിടത്തിന്റെ തൊട്ടടുത്തുള്ള വീടിന് കേടുപാടുകൾ സംഭവിച്ചതായും പഞ്ചായത്ത് സെക്രട്ടറിക്ക് പരാതി നൽകിയിട്ടും നടപടി സ്വീകരിച്ചില്ല എന്നത് സംബന്ധിച്ച് ശ്രീ. പ്രശാന്ത് എം.എ. സമർപ്പിച്ച പരാതിയിന്മേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ മിന്നൽ പരിശോധന നടത്തി ചുവടെ പറയുന്ന അപാകതകൾ കണ്ടെത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

*i. കോഴിക്കോട് ജില്ലയിലെ ഒഞ്ചിയം ഗ്രാമപഞ്ചായത്തിൽ റി.സ 184/22 ൽ ശ്രീ. അൻഷാദ്, ശ്രീ. ജയരാജൻ എന്നിവരുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് നിന്നും ജിയോളജി വകപ്പിന്റെ അനുവാദം ഇല്ലാതെയാണ് മണ്ണ് എടുത്ത് മാറ്റിയത്.*
*ii. സ്ട്രക്ചർ വർക്ക് പൂർത്തീകരിച്ച കെട്ടിടം ആവശ്യമായ മാനദണ്ഡങ്ങൾ പാലിക്കാതെയാണ് നിർമ്മിച്ചിരിക്കുന്നത്.*
*iii. സൈറ്റ് പ്ലാനിൽ പരാതിക്കാരന്റെ വീട് വ്യക്തമാക്കിയിട്ടില്ല.*

**2)** ഒഞ്ചിയം ഗ്രാമ പഞ്ചായത്ത് **A3/5168/21 dt 26/09/2021** പ്രകാരം പെർമിറ്റ് നൽകിയ ബിൽഡിങ്ങിന്റെ സ്ട്രക്ചർ വർക്ക് പൂർത്തീകരിച്ച കെട്ടിടം ആവശ്യമായ മാനദണ്ഡങ്ങൾ

പാലിക്കാതെ നിർമ്മിച്ചതിന് ഉത്തരവാദിയായ ഒഞ്ചിയം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, ശ്രീ.രജുലാൽ എം.പി -ക്കെതിരെ വകുപ്പുതല അന്വേഷണം നടത്തി തുടർ നടപടി സ്വീകരിക്കുന്നതിനു വിജിലൻസ് ശിപാർശ ചെയ്യതിന്റെ അടിസ്ഥാനത്തിൽ ഒഞ്ചിയം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, ശ്രീ.റജുലാൽ എം.പി -ക്കെതിരെ KCS (CC & A) Rules 1960 ചട്ടം 15 പ്രകാരം പരാമർശം (2) കുറ്റാരോപണ മെമ്മോ നൽകി അച്ചടക്ക നടപടി ആരംഭിച്ചിരുന്നു.

3) കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ. രജുലാൽ.എം.പി പരാമർശം (3) പ്രകാരം സമർപ്പിച്ച എതിർവാദ പത്രികയിൽ ചുവടെ പറയുന്ന വിവരങ്ങൾ ബോധിപ്പിക്കുകയുണ്ടായി.

- *ശ്രീ. അൻഷാദ്, ശ്രീ. ജയരാജൻ എന്നിവരുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് നിന്നും ജിയോളജി വകപ്പിന്റെ അനുവാദം ഇല്ലാതെയാണ് മണ്ണ് എടുത്ത് മാറ്റിയത് എന്നതിൽ നിർമ്മാണ അനുമതി നൽകുന്നതിന് മുൻപായി സ്ഥലപരിശോധന നടത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ ജിയോളജി വകുപ്പിന്റെ അനുമതി ആവശ്യമാണെന്ന് റിപ്പോർട്ട് ചെയ്യിരുന്നില്ല.*
- *സ്ട്രക്ച്ചറൽ വർക്ക് പൂർത്തീകരിച്ച കെട്ടിടം മാനദണ്ഡങ്ങൾ പാലിച്ച് ചട്ടപ്രകാരമാണ് നിർമ്മിച്ചു വന്നിരുന്നത്. അനുവദിച്ച ബിൽഡിംഗ് പെർമിറ്റ് പ്രകാരം കെട്ടിട ഉടമകൾക്ക് മുന്നോട്ടു പോകാമെന്ന് ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിയിൽ പ്രതിപാദിക്കുന്നുണ്ട്.*
- *സൈറ്റ് പരിശോധിച്ച് നിർമ്മാണ അനുമതി നൽകുന്നതിനായി ശുപാർശ ചെയ്യത് എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനിയറാണ്. **02.12.2015** തീയതിയിലെ **2900/ആർ.എ1/2015** ത.സ്വ.ഭ.വ സർക്കുലർ ഖണ്ഡിക **(6)** ൽ കെട്ടിടനിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി പരിശോധന നടത്തേണ്ടതും പെർമിറ്റ് അനുവദിക്കുന്നതിന് കൃത്യമായ ശുപാർശ മുതലായവയും ഉൾപ്പെടുത്തേണ്ടതാണെന്നും **13.02.2012** ലെ **818/ആർ.എ3/2012** നമ്പർ സർക്കുലർ ഖണ്ഡിക **(14)** ൽ കെട്ടിട നിർമ്മാണ അപേക്ഷകളിൽ സൂക്ഷ്മ പരിശോധന നടത്തിയ ശേഷം കെട്ടിട നിർമ്മാണ ചട്ടങ്ങൾ കർശനമായി പാലിച്ചു കൊണ്ട് മാത്രമേ നിർമ്മാണ അനുമതി നൽകാവൂ എന്നും അനുശാസിക്കുന്നുണ്ട്. സ്ഥല പരിശോധന നടത്തിയ അസി.എഞ്ചിനീയർ സൈറ്റ് പ്ലാനിൽ പരാതിക്കാരന്റെ വീട് വ്യക്തമാക്കിയിട്ടില്ല എന്ന് റിപ്പോർട്ട് ചെയ്യിരുന്നില്ല.*

4) മേൽ എതിർവാദ പത്രികയിന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (4) പ്രകാരം സമർപ്പിച്ച അഭിപ്രായ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

1. *ശ്രീ. അൻഷാദ്, ശ്രീ. ജയരാജൻ എന്നിവരുടെ ഉടമസ്ഥതയിലുള്ള സ്ഥലത്തെ കെട്ടിടനിർമ്മാണ പ്രവർത്തനങ്ങളിലൂടെയാണോ പരാതിക്കാരനായ ശ്രീ. പ്രശാന്ത് എം.എ. എന്നയാളുടെ നാല്പത് വർഷത്തോളം പഴക്കമുള്ള വീടിന് കേടുപാടുകൾ വന്നിട്ടുള്ളത് എന്നത് ശാസ്ത്രീയ പരിശോധനയിലൂടെ മാത്രമേ കണ്ടെത്താൻ കഴിയൂ. എന്നാൽ സെക്രട്ടറിയുടെ സ്റ്റോപ്പ് മെമ്മോക്ക് ശേഷവും സൈറ്റിൽ പ്രവൃത്തി നടന്നതായി ബോധ്യപ്പെട്ടതിനാൽ സെക്രട്ടറിയുടെ ഭാഗത്ത് നിന്ന് ജാഗ്രതക്കുറവ് ഉണ്ടായിട്ടുണ്ട്.*
2. *ശ്രീ.വിനു എന്നയാളുടെ **8/523** നമ്പർ വീടിനും കേടുപാടുകൾ പറ്റിയെന്നും ടിയാന്റെ കിണർ ഉപയോഗിക്കാൻ പറ്റാത്ത രീതിയിൽ ആയെന്നുള്ള ആരോപണത്തിൽ കേടുപാടുകളും ബലക്ഷയവും തൊട്ടടുത്ത കെട്ടിടത്തിന്റെ നിർമ്മാണത്തിനായി മണ്ണെടുത്തതു കൊണ്ടാണോ എന്നത് കണ്ടെത്താൻ ശാസ്ത്രീയ പരിശോധന ആവശ്യമാണ്. കിണർ മലിനമായതിൽ സെക്രട്ടറി നടപടി സ്വീകരിച്ചിട്ടുള്ളതിൽ ശ്രീ.*

*രജുലാൽ എം. പി. യുടെ വാദം അംഗീകരിക്കാവുന്നതാണ്.*

3. *ടി കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചതിൽ മുൻ സെക്രട്ടറി ശ്രീ.എം.പി. രജുലാൽ, മുൻ അസ്സിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി. ഷീന സി.എം. എന്നിവർക്ക് വീഴ്ച സംഭവിച്ചിട്ടുണ്ട്. കെട്ടിടനിർമ്മാണ ചട്ടലംഘനങ്ങൾ നിലനിൽക്കെയാണ് പെർമിറ്റ് അനുവദിച്ചതെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ചുവടെ ചേർത്തിട്ടുള്ള ചട്ടലംഘനങ്ങൾ കണ്ടെത്തിയിട്ടുള്ളതാണ്.*

*(a) ബിൽഡിംഗിന്റെ മുൻവശത്ത് രേഖപ്പെടുത്തിയിട്ടുള്ള പാർക്കിംഗ് സ്പേസിനും ബേസ്മെന്റ് ഫ്ലോറിൽ രേഖപ്പടുത്തിയ പാർക്കിംഗ് സ്പേസിനും വാഹനങ്ങൾക്ക് തിരിക്കാനുള്ള മതിയായ സ്ഥലവും ഡ്രൈവ് വേയും ലഭ്യമല്ല.*

*(b) ഇരുദിശകളിലേക്കും വാഹനങ്ങൾ പോകുന്ന റാംപിന്റെ വീതി 5.50 മീറ്റർ വേണമെന്നിരിക്കെ 3.58 മീറ്റർ മാത്രമാണ് സൈറ്റിൽ ലഭ്യമായത്. അപ്രുവ്ഡ് പ്ലാനിൽ കാണിച്ചിട്ടുള്ളത് 3.70 മീറ്ററാണ്.*

*(c) തുറസ്സായ സ്ഥലത്തിന്റെ 50 ശതമാനത്തിൽ കൂടുതൽ പാർക്കിംഗിനായി ഉപയോഗിച്ചിരിക്കുന്നു.*

*(d) ഡിസേബിൾഡ് ടോയ്‌ലറ്റിന് ആവശ്യമായ **dimension** ലഭ്യമല്ല.*

*(e) ബിൽഡിംഗിന്റെ മുൻഭാഗത്തായി 1.20 മീറ്റർ രേഖപ്പെടുത്തിയിട്ടുള്ള റാംപിൽ നിന്നും റോഡിലേക്ക് മൂന്ന് മീറ്റർ സെറ്റ് ബാക്ക് ലഭ്യമല്ല.*

*(f) ബേസ്മെന്റ് ഫ്ലോറിലേക്ക് നിർമ്മിച്ചിട്ടുള്ള റാംപിലൂടെ വാഹനങ്ങൾക്ക് സുഗമമായ പ്രവേശനം സാധ്യമല്ല. ചെരിവ് കൂടുതലാണ്.*

*(g) സോക്ക് പിറ്റ്, സെപ്റ്റിക് ടാങ്ക് എന്നിവ പ്ലാനിൽ രേഖപ്പെടുത്തിയ സ്ഥലത്തല്ല സൈറ്റിൽ ഉള്ളത്. തൊട്ടടുത്ത കിണറുമായി ആവശ്യമുള്ള അകലം പാലിക്കുന്നുണ്ടോ എന്ന് പ്ലാനിൽ രേഖപ്പെടുത്തിയിട്ടില്ല. ടി ചട്ടലംഘനങ്ങൾ കണക്കിലെടുക്കാതെയാണ് അസിസ്റ്റന്റ് എഞ്ചിനീയറുടെ ശുപാർശയിന്മേൽ സെക്രട്ടറി ശ്രീ. രാജുലാൽ ബിൽഡിംഗ് പെർമിറ്റിന് അനുമതി നൽകിയത്. ആയതിൽ സെക്രട്ടറിയുടെ ഭാഗത്ത് ജാഗ്രതക്കുറവ് സംഭവിച്ചിട്ടുണ്ട്. ടിയാളുടെ വാദം പരിഗണിക്കുവാൻ കഴിയാത്തതാണ്.*

4. ***PROTECTING RETAINING WALL** നിർമ്മിച്ചില്ല എന്ന ആരോപണത്തിൽ ശ്രീ. രാജുലാൽ മറുപടി നൽകിയിട്ടില്ല. നിലവിൽ സൈറ്റിൽ സെല്ലാർ നിർമ്മാണത്തിനായി മണ്ണ് നീക്കം ചെയ്ത ഭാഗം കോൺക്രീറ്റ് **RETAINING WALL** നൽകിയതായി കാണുന്നു.*

5. *മലിനജലവും സെപ്റ്റിക്ക് ടാങ്കിലെ മാലിന്യവും ഇരുപരാതിക്കാരുടെ കിണറുകളിലെത്താൻ സാധ്യതയുണ്ട് എന്നതിന് ചട്ടപ്രകാരം ചെയ്തുവെന്ന് ശ്രീ. രജുലാൽ എം. പി. വാദിക്കുന്നുണ്ട്. സോക് പിറ്റ്, സെപ്റ്റിക് ടാങ്ക് എന്നിവ പ്ലാനിൽ യഥാർത്ഥ സ്ഥലത്ത് രേഖപ്പെടുത്തിയിട്ടില്ലാത്ത വിവരം അസിസ്റ്റന്റ് എഞ്ചിനീയർ ഫയലിൽ റിപ്പോർട്ട് ചെയ്തിരുന്നു. തൊട്ടടുത്ത കിണറുകളുമായുള്ള അകലം അംഗീകൃത പ്ലാനിൽ രേഖപ്പെടുത്തിയിരുന്നില്ല. സോക് പിറ്റ്, സെപ്റ്റിക് ടാങ്ക് എന്നിവ സൈറ്റിൽ നൽകിയ സ്ഥാനങ്ങൾ വ്യക്തമല്ലാത്തതിനാൽ ചട്ടലംഘനം നടന്നിട്ടുണ്ടോ എന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.*

6. *നിർമ്മാണ അനുമതി നൽകുന്നതിന് മുൻപായി സ്ഥലപരിശോധന നടത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ ജിയോളജി വകുപ്പിന്റെ അനുമതി ആവശ്യമാണെന്ന് റിപ്പോർട്ട് ചെയ്തിരുന്നില്ല എന്ന് സെക്രട്ടറിയുടെ വാദം അംഗീകരിക്കാമെങ്കിലും, ഒന്നര മീറ്ററിൽ*

*കൂടുതൽ മണ്ണ് നീക്കം ചെയ്യുന്നതിനും, സൈറ്റിൽ നിന്നും മണ്ണ് നീക്കം ചെയ്യുന്നതിനുമുള്ള അനുമതി ലഭ്യമാക്കിയിട്ടില്ലാത്തതാണ്.*

7. *സമീപ കെട്ടിടങ്ങൾ പ്ലാനിൽ ചേർക്കാതിരുന്നത് റിപ്പോർട്ട് ചെയ്യാതിരുന്ന അസി. എഞ്ചിനീയർക്ക് വീഴ്ച സംഭവിച്ചിട്ടുണ്ട്. ആയതിൽ സെക്രട്ടറി ശ്രീ. രജുലാലിന്റെ വാദം അംഗീകരിക്കാവുന്നതാണ്.*

*വാണിജ്യാവശ്യത്തിനുള്ള കെട്ടിടമാണെന്നിരിക്കെ കെട്ടിട നിർമ്മാണ ചട്ടലംഘനങ്ങൾ നടന്നിട്ടുണ്ടോയെന്നു കൃത്യമായി സ്ഥലപരിശോധന നടത്താതെയും ഫയൽ പരിശോധിക്കാതെയും അസിസ്റ്റന്റ് എഞ്ചിനീയറുടെ ശിപാർശയിന്മേൽ സെക്രട്ടറിയായ ശ്രീ. രജുലാൽ എം. പി. കെട്ടിടത്തിന് നിർമാണാനുമതി നൽകിയതിൽ ടിയാൾക്കു വീഴ്ച സംഭവിച്ചിട്ടുണ്ട്.*

**5)** കൃത്യമായി സ്ഥലപരിശോധന നടത്താതെയും ഫയൽ പരിശോധിക്കാതെയും അസിസ്റ്റന്റ് എഞ്ചിനീയറുടെ ശിപാർശയിന്മേൽ പരാമർശ കെട്ടിടത്തിന് നിർമാണാനുമതി നൽകിയതിൽ ഓഞ്ചിയം ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ശ്രീ. രജുലാൽ എം.പി -ക്ക് വീഴ്ച സംഭവിച്ചതായി പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്ന സാഹചര്യത്തിൽ **KCS (CC & A) Rules 1960** ചട്ടം **15** പ്രകാരമുള്ള നടപടിയുടെ ഭാഗമായി ടി വിഷയത്തിൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടർ ശ്രീ. പി.ടി. പ്രസാദ് -നെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു. അന്വേഷണ റിപ്പോർട്ട് **15** ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോൺ വി സാമുവൽ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

1. തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ, കോഴിക്കോട്. *(ഫയലിലെ പ്രസ്കത ഭാഗങ്ങളുടെ പകർപ്പുകൾ സഹിതം അന്വേഷണത്തിനായി).*
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം.
3. ശ്രീ. എം.പി. രജുലാൽ, സെക്രട്ടറി, ഒഞ്ചിയം ഗ്രാമപഞ്ചായത്ത്, കോഴിക്കോട്. *(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം മുഖേന).*
4. കരുതൽ ഫയൽ/ഓഫീസ് കോപ്പി *(ഇപിബി3/17/2025/തസ്വഭവ നമ്പർ ഫയലിലേക്ക്)*

ഉത്തരവിൻ പ്രകാരം

Signed by
Riju M Das
Date: 01-01-2026 12:28:13
സെക്ഷൻ ഓഫീസർ